# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.948 | 05.03.2018-ൽ മറുപടിക്ക്

**<u>ഭൂമിയുടെ ആധാരങ്ങൾ കമ്പ്യൂട്ടറൈസേഷൻ നടത്തുന്ന നടപടികൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഭൂമിയുടെ ആധാരങ്ങൾ കമ്പ്യൂട്ടറൈസേഷൻ നടത്തുന്ന നടപടികളുടെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിക്ക് പദ്ധതിരേഖ തയ്യാറാക്കുന്നതിന് സി.ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി രൂപരേഖ തയ്യാറാക്കി വരുന്നു. |
| ബി) ഏതെല്ലാം തരത്തിലുള്ള ആധാരങ്ങളാണ് കമ്പ്യൂട്ടറിൽ പകർത്തുന്നത്; ഇതിന് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; | ബി) രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതാണ്. കാലാവധി നിശ്ചയിച്ചിട്ടില്ല. |
| സി) രജിസ്ട്രേഷൻ - റവന്യൂ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഇതിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | സി) ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) ജൻമമല്ലാത്തതും പട്ടയം ലഭിക്കാത്തതുമായ ആധാരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ ഇപ്പോൾ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) ഇല്ല. |

**സെക്ഷൻ ഓഫീസർ**